**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 505** **02-02-2023 - ൽ മറുപടിയ്ക്ക്**

**മത്സര പരീക്ഷാ പരിശീലനത്തിന് വായ്പാ പദ്ധതി ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ അക്കാദമിക് കോഴ്സുകൾ പഠിക്കുന്നതിന് ഷെഡ്യൂൾഡ് ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ നൽകുന്ന പദ്ധതിയിൽ മത്സര പരീക്ഷാ പരിശീലനത്തിനുള്ള വായ്പ ഉൾപ്പെടുന്നുണ്ടോ; അറിയിക്കാമോ; | (എ) | ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയം അല്ല. സംസ്ഥാനത്തെ ബാങ്കുകൾ എല്ലാം തന്നെ ബാങ്കിംഗ് കോഡ്സ് ഓഫ് ഇന്ത്യയുടെ കോഡ്സ് & സ്റ്റാൻഡേർഡ്സ് അനുസരിച്ചും റിസർവ് ബാങ്കിന്റെ മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതവുമായാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാതൃകാ വിദ്യാഭ്യാസ പദ്ധതിയാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് അവലംബിക്കുന്നത്. നിലവിൽ മേൽ പറഞ്ഞ പദ്ധതി പ്രകാരം മത്സര പരീക്ഷ പരിശീലനത്തിന് വിദ്യാഭ്യാസ വായ്പ ലഭ്യമല്ല. |
| (ബി) | അംഗീകൃത സ്ഥാപനങ്ങൾ മുഖേന നൽകി വരുന്ന സിവിൽ സർവീസ്, എഞ്ചിനീയറിങ്, മെഡിക്കൽ എൻട്രൻസ്, ഗേറ്റ് എന്നീ പരിശീലനങ്ങൾക്ക് കൂടി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയം അല്ല. സംസ്ഥാനത്തെ ബാങ്കുകൾ എല്ലാം തന്നെ ബാങ്കിംഗ് കോഡ്സ് ഓഫ് ഇന്ത്യയുടെ കോഡ്സ് & സ്റ്റാൻഡേർഡ്സ് അനുസരിച്ചും റിസർവ് ബാങ്കിന്റെ മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതവുമായാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാതൃകാ വിദ്യാഭ്യാസ പദ്ധതിയാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് അവലംബിക്കുന്നത്. നിലവിൽ മേൽ പറഞ്ഞ പദ്ധതി പ്രകാരം മത്സര പരീക്ഷ പരിശീലനത്തിന് വിദ്യാഭ്യാസ വായ്പ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ